ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 10 | ലക്കം 1 | ഫെബ്രുവരി 2006 | പേജ് 4

"പരിശുദ്ധ മഹാപുരോഹിതാ സമാധാനത്താലെ പോക"

രാജ് ഫിലിപ്പ് മുതലകേരിൽ

കർത്തൃശിഷ്യനായ വി. മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും മലങ്കരയിലെ ആറാമത് കാതോലിക്കായും പത്തൊമ്പതാമത് മലങ്കര മെത്രാപ്പോലീത്തായുമായി ഒന്നരപതിറ്റാണ്ടോളം മലങ്കര ഓർത്തഡോക്സ് സഭയെ വഴിനടത്തിയ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ ഇനിയും ഓർമ്മകളിൽ ജീവിക്കും. ആദിമ പിതാക്കന്മാരോടൊപ്പം പരിശുദ്ധന്മാരുടെ ഗണത്തിൽ മാലാഖമാരോടൊന്നിച്ച് ഈ പരിശുദ്ധ പിതാവ് ദൈവസന്നിധിയിൽ സഭാമക്കൾക്കായി പ്രാർത്ഥിക്കും.

2006 ജനുവരി 26 ന് വൈകിട്ട് 5.18 ന് കാലം ചെയ്ത പരിശുദ്ധ പിതാവിന്റെ ഭൗതീക ശരീരം ശാസ്താംകോട്ടയിലെ മൗണ്ട് ഹോറേബ് ചാപ്പലിൽ 28ന് 3.20 ന് കബറടക്കി.

ജനുവരി 26 ന് സൂര്യൻ അസ്തമിക്കും മുൻപേ മലങ്കരയുടെ സൂര്യതേജസ്സ് അസ്തമിച്ചു. പള്ളി മണികൾ വിലാപത്തിന്റെ അലകളായി. പരിശുദ്ധ ബാവയുടെ വിയോഗ വാർത്ത നാടിനെ കണ്ണീരിലാഴ്ത്തി. ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ആയിരങ്ങൾ ബാവയുടെ ഭൗതീകശരീരം ഒരുനോക്ക് കാണുവാൻ ദേവലോകം അരമനയിലേക്ക് ഒഴുകിയെത്തി. രാത്രി വളരെ വൈകി പരിശുദ്ധ പിതാവ് അരമനയോടും മദ്ബഹായോടും ചാപ്പലിനോടും, രാവിലെ പഴയസെമിനാരിയോടും ഉച്ചക്ക് ആസ്ഥാന ദേവാലയമായ കോട്ടയം ഏലിയാ കത്തീഡ്രലിനോടും യാത്ര ചോദിച്ചു. ''ഞാൻ ശുശ്രൂഷ നടത്തിയ പരിശുദ്ധ ദേവാലയമേ സമാധാനത്തോടെ വസിക്ക'' എന്ന പ്രാർത്ഥനയും ഇടവിട്ടുള്ള മണിനാദവും അന്തരീക്ഷം ദുഃഖസാന്ദ്രമാക്കി. "പരിശുദ്ധ പിതാവേ സമാധാനത്താലെ പോക." ദശാബ്ദങ്ങൾ കൈപിടിച്ചു നടത്തിയ ഇടയശ്രേഷ്ഠനെ യാത്രയാക്കുമ്പോൾ തടിച്ചു കൂടിയ ആയിരങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. 27 ന് മൂന്നര മണിയോടെ പ്രവർത്തന മണ്ഡലത്തിന്റെ കേന്ദ്രമായ കോട്ടയം നഗരിയോടും നിവാസികളോടും പരിശുദ്ധ ബാവ യാത്ര ചോദിച്ചു. ഭൗതീക ശരീരം ശാസ്താംകോട്ടയിലേക്ക് കൊണ്ടു പോകുമ്പോൾ ആയിരക്കണക്കിന് ആളുകൾ അന്ത്യദർശനത്തിനായി കാത്തു നിന്നു.

അക്രൈസ്തവർ പോലും അലമുറയിട്ട് കരയുന്ന രംഗങ്ങൾ വഴിയോരങ്ങളിൽ കാണാമായിരുന്നു. വിവിധ മത-സഭാമേലദ്ധ്യ ക്ഷന്മാർ, രാഷ്ട്രീയ സാമൂഹിക സംഘടനകൾ, സ്ഥാപനങ്ങൾ, വിവിധ ഇടവകകൾ, ഇതര സഭാംഗങ്ങൾ, പരിശുദ്ധ ബാവായ്ക്ക് അന്തിമോപചാരം അർപ്പിക്കുവാൻ എം. സി. റോഡിൽ കാത്തുനിന്നു.

ഫാ. ജയ് സക്കറിയായുടെ നേതൃത്വത്തിൽ കുഴിമറ്റം സെന്റ് ജോർജ് ഇടവകാംഗങ്ങൾ മന്ദിരം കവലയിൽ പരിശുദ്ധ ഇടയന് അന്ത്യാഞ്ജലി അർപ്പിക്കുവാൻ തടിച്ചു കൂടി. റോഡിന്റെ ഇരുവശങ്ങളിലും സ്ത്രീകളും കുട്ടികളും അണിനിരന്നപ്പോൾ പുരുഷന്മാർ മുത്തുക്കുടകൾ പിടിച്ചും പരിശുദ്ധ ബാവായുടെ വലിയ ചിത്രം ഉയർത്തി പിടിച്ചും അന്ത്യദർശനത്തിനായി ഒരുങ്ങി നിന്നു. ഭൗതീകശരീരം വഹിച്ചുകൊണ്ടുള്ള രഥം നാലു മണിയോടെ മന്ദിരം കവലയിൽ എത്തിയപ്പോൾ പോലീസിന് നിയന്ത്രിക്കാനാവാത്ത വിധം ഇടവകാംഗങ്ങളുടെ ദുഃഖം അണപ്പൊട്ടിയൊഴുകി. അന്ത്യദർശനത്തിനായുള്ള തിരക്കിൽ പലരും റോഡിൽ വീണു ഗതാഗതം സ്തംഭിച്ചു. ഇടവകക്കായി ട്രസ്റ്റി റ്റി. കെ. ഫിലിപ്പോസ്, സെന്റ് തോമസ് സണ്ടേ സ്കൂളിനായി പി. കെ. ഏബ്രഹാം എന്നിവർ അന്തിമോപചാരം അർപ്പിച്ചപ്പോൾ ഫാ. ജയ് സക്കറിയ പരിശുദ്ധ പിതാവിന് അന്ത്യചുംബനം നൽകി. കുഴിമറ്റം ഇടവക നൽകിയ വികാരനിർഭരമായ അന്തിമാർച്ചന പോലൊന്ന് പീന്നീടുള്ള യാത്രയിൽ കാണുവാൻ സാധിച്ചതേയില്ല. ചങ്ങനാശ്ശേരി, തിരുവല്ല, ചെങ്ങന്നൂർ, പന്തളം തുടങ്ങി ശാസ്താം കോ ട്ടവരെ ജനസമുദ്രങ്ങൾ പരിശുദ്ധ ബാവായു ടെ ഭൗതീകശരീരം കണ്ണുനീരുകളോടെ ഏറ്റുവാങ്ങി; ആയിരക്കണക്കിന് വാഹനങ്ങ ൾ രഥത്തെ അനുഗമിച്ചു. രാത്രി വളരെ വൈ കി ഭൗതീകശരീരം ബാവായുടെ സ്വപ്നഭൂമിയായ ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിൽ എത്തി. രാവിലെ ഏഴുമണിക്ക് ചാപ്പലിൽ അന്ത്യശുശ്രൂഷാ ചടങ്ങുകൾ ആരംഭിച്ചു. കുഴിമറ്റം ഇടവകാംഗങ്ങൾ ഫാ. ജയ് സക്കറിയായുടെ നേതൃത്വത്തിൽ രാവിലെ തന്നെ ശാസ്താംകോട്ടയിൽ എത്തി. പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 3.20 ന് സ്വന്തമായി തയ്യാറാക്കിയ കബറിടത്തിൽ പരിശുദ്ധ പിതാവിനെ സംസ്ഥാന ബഹുമതികളോടെ കബറടക്കി. മാർപാപ്പാ, വിവിധ മത സഭാമേലദ്ധ്യക്ഷന്മാർ, രാഷ്ട്രീയ സാമൂഹിക നേതാക്കന്മാർ അനുശോചനം രേഖപ്പെടുത്തി.

മൗണ്ട് ഹോറേബിലെ ഏലിയാ ആയി പരിശുദ്ധ പിതാവ് മലങ്കരയിൽ പരിമളം പരത്തും. ''പ്രാർത്ഥിച്ച് കൊതിതീരാത്ത പിതാവ്'' മലങ്കര മക്കൾക്കായി ദൈവ സന്നിധിയിൽ മദ്ധ്യസ്ഥനാകും. വിശ്വാസം കാത്ത് ഓട്ടം തികച്ച ഈ നീതിമാന്റെ ഓർമ്മ മലങ്കര മക്കൾക്ക് വാഴ്വിന്നായി തീരട്ടേ.

30–ാം അടിയന്തിരം 25 ന്

കാലം ചെയ്ത പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ അടിയന്തിരം 25 ന് പരിശുദ്ധ ബാവ കബറടങ്ങിയിരിക്കുന്ന ശാസ്താംകോട്ട ഹോറേബ് ചാപ്പലിൽ നടത്തും. 7.30 ന് നമസ്കാരവും തുടർന്നു കുർബാനയും ഉണ്ടായിരിക്കും. അൻപതിനായിരം പേർക്കു ചടങ്ങുകളിൽ സംബന്ധിക്കാനുള്ള ക്രമീകരണങ്ങളാണു ചെയ്യുന്നത്.

ഫാ. ജയ് സഖറിയാ പ. ബാവായ്ക്ക് അന്ത്യ ചുംബനം നൽകുന്നു

കുറിച്ചി മന്ദിരം കവലയിൽ തടിച്ചു കൂടിയ കുഴിമറ്റം ഇടവകാംഗങ്ങൾ

സെന്റ് ജോർജ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനം
കുഴിമറ്റം, കോട്ടയം

ഭാരവാഹികൾ 2005-06

പ്രസിഡന്റ്
ഫാ. ജയ് സഖറിയ
വൈസ് പ്രസിഡന്റ്
പി. ജെ. കുര്യൻ,
പട്ടശ്ശേരിൽ, പുഷ്പശ്ശേരിൽ
ജോൺസൺ പി. ചെറിയാൻ,
പട്ടശ്ശേരിൽ
സെക്രട്ടറി
രഞ്ജു കെ. മാത്യു,
കരോട്ട് പുത്തൻ പുരയ്ക്കൽ
ജോ. സെക്രട്ടറി
സി. ആർ. ഗീവർഗീസ്, ചിറപ്പുറം
ഹാൻസ് ബാബു, പട്ടശ്ശേരിൽ
കമ്മറ്റിയംഗങ്ങൾ
ജോർജ് മാത്യു
എണ്ണശേരിലായ എരുമത്താനം
ഋഷി അലക്സ്
ചാലുവേലിൽ
ജോബി പി. ചെറിയാൻ
പട്ടശ്ശേരിൽ
പ്രവീൺ ജോസഫ്
കാവനാടിയിൽ
ജെബിൻ കുറിയാക്കോസ്
വെട്ടുകുഴിയിൽ
ട്രഷറർ
അഭിലാഷ് കെ. ജേക്കബ്,
കണിയാംപറമ്പിൽ
ലൈബ്രേറിയൻ
ജോൺസൺ പി. ഏബ്രഹാം
പാലമൂട്ടിൽ
ഓഡിറ്റേഴ്സ്
രാജ് ഫിലിപ്പ്
മുതലകേരിൽ
ബിബി കെ. പോൾ
കുളങ്ങര
കലാ സാഹിത്യവേദി കൺവീനർ
രാജ് ഫിലിപ്പ്
മുതലകേരിൽ

ജോർജിയൻ

രക്ഷാധികാരി
ഫാ. ജയ് സഖറിയ
എഡിറ്റർ
രഞ്ജു കെ. മാത്യു,
കരോട്ട് പുത്തൻപുരയ്ക്കൽ
എഡിറ്റോറിയൽ ബോർഡ്
രാജ്ഫിലിപ്പ്, മുതലകേരിൽ
ജോൺസൺ പി. ചെറിയാൻ, പട്ടശ്ശേരിൽ
ഗീവർഗീസ് സി. ആർ., ചിറപ്പുറം
ഹാൻസ് ബാബു, പട്ടശ്ശേരിൽ

ഒരു നിമിഷം

ജോർജിയനെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒപ്പം അടുത്ത ലക്കത്തിലേക്കുള്ള സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ
ജോർജിയൻ
സെന്റ്: ജോർജ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
കുഴിമറ്റം പി. ഒ. കോട്ടയം - 686533

ലേഖനം

ഈ പെരുന്നാൾ

ഫാ. ജയ് സഖറിയ (വികാരി)

അതിപുരാതന മലങ്കരസഭയുടെ ആധുനിക കാലഘട്ടത്തിന്റെ മഹാഇടയൻ യാത്രയായി. ക്രൈസ്തവ ചരിത്രത്തിൽ, മത മേലദ്ധ്യക്ഷന്മാരുടെ ഗണത്തിൽ, തങ്കലിപികളിൽ എഴുതപ്പെട്ട നാമം പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. 91 വർഷത്തെ ധന്യമായ ജീവിതം. 53 വർഷത്തെ മേൽപ്പട്ടക്കാലം. 15 വർഷത്തെ മഹാപുരോഹിത ശുശ്രൂഷക്കാലം.

തേജസ്സ് തുളുമ്പുന്ന മുഖം. ആരേയും ആകർഷിക്കുന്ന മുഖകാന്തി. വാക്കുകളിൽ പാണ്ഡിത്യവും വിനയവും; അഗ്നിയിൽ സ്ഫുടം ചെയ്യപ്പെട്ട നിഷ്ഠയും, ജീവിതവും. വിമർശകർ പോലും പരാജയപ്പെടുന്ന ജീവിതശൈലികൾ. സന്യാസത്തിൽ ഭാരതീയ മുനിസങ്കൽപ്പത്തിന് മുകളിൽ. അങ്ങനെ പറയുവാൻ പലതും....

മാലാഖാ അച്ചൻ എന്ന് വിളിച്ചിരുന്ന മഹാ ഇടയൻ മാലാഖമാരുടെ ഗണത്തിലേക്ക് പറന്നുയരുന്നു. ജനുവരി 26 ഭാരതചരിത്രത്തിലെ തങ്കലിപികളിൽ എഴുതപ്പെടുന്ന ദിനം. ഈ ദിനം മലങ്കരസഭയുടെ ചരിത്രത്തിലും സുവർണ്ണസ്മരണ ദിനമായി മാറുന്നു.

ഗുരുവിനെപ്പോലെ തേജസ്സ് വിതറുന്ന ശിഷ്യൻ, സ്വപ്നഭൂമിയിലെ അന്ത്യവിശ്രമം. ഒരു ദേശത്തിന്റെ അനുഗ്രഹത്തിന് ആരംഭമായി. വീക്ഷണമുള്ളവനായി, വിമർശകരെയും അല്ലാത്തവരെയും ഞെട്ടിച്ച് പിൻഗാമിയെ ദൗത്യം ഏൽപ്പിച്ച്, നല്ല അന്ത്യത്തിന് ഭാഗ്യം ലഭിച്ച, അനേകായിരങ്ങളുടെ കണ്ണീരിൽ കുതിർന്ന യാത്രാമൊഴികൾ സ്വീകരിച്ച്, അയച്ചവന്റെ അടുക്കലേക്ക് മടങ്ങുന്ന മഹാ ഇടയൻ സ്മരണയായി.

ദുഃഖാചരണ ദിനങ്ങളിലെ ഈ പെരുന്നാൾ ക്രമീകരണങ്ങളെ മുഴുവൻ തിരുത്തിക്കുറിച്ചു പരമാദ്ധ്യക്ഷന്റെ സ്ഥാനോചിതമായ തീരുമാനങ്ങളുടെ സാഹചര്യങ്ങളെ സന്മനസ്സോടെ ഉൾക്കൊണ്ട് ഈ പെരുന്നാൾ അനുഗ്രഹകരമാക്കിയ ഇടവക മെത്രാപ്പോലീത്താ ഈ ഇടവകയോടുള്ള ആത്മാർത്ഥ സ്നേഹം ഒരിക്കൽ കൂടി വെളിപ്പെടുത്തിയിരിക്കുന്നു. ഇടവക ആത്മാർത്ഥ നന്ദിയും പ്രകാശിപ്പിക്കുന്നു.

പുത്രധർമ്മ ദൗത്യം ഏറ്റെടുത്ത് ആചരിക്കുന്ന ഈ പെരുനാൾ ഒരു പുതിയ സന്ദേശം നൽകുന്നു.

ഈ പെരുന്നാൾ - ഇതിനെ ബഹുമാനിക്കുന്നവരുടെ, ആദരിക്കുന്നവരുടെ അനുഗ്രഹത്തിന് കാരണമാകും. ദേശത്തിന്റെയും എല്ലാ ഭവനങ്ങളുടെയും, പ്രകൃതിയുടെയും ഐശ്വര്യത്തിനായി തീരും. നേർച്ചകൾ, ആദ്യഫലങ്ങൾ, ദശാംശങ്ങൾ എന്നിവ സമർപ്പിക്കുന്നവരുടെ അഭിവൃദ്ധിക്ക് കാരണമാകും.

പ്രദക്ഷിണത്തിൽ അണിനിരക്കുന്നവരുടെ സന്തോഷത്തിനും, സമാധാനത്തിനും, കൊടികൾ, കുടകൾ, തിരികൾ ഇവ വഹിക്കുന്നവരുടെ അനുഗ്രഹത്തിനും, കുരിശു വഹിക്കുന്നവരുടെ മഹത്വത്തിനും ഇടയാകുന്നു. മറിച്ച് ഈ പെരുനാളിനെ അനാദരവോടെ സമീപിക്കുന്നവരുടെയും, അവഹേളിക്കുന്നവരുടെയും, പെരുനാൾ സന്ദേശം വികലമാക്കുന്നവരുടെയും ശിക്ഷക്കും, ശാപത്തിനും കാരണമായി തീരും.

ദേവാലയം നൽകുന്ന അനേക സന്ദേശങ്ങളിൽ ഒന്നാണ് പെരുന്നാൾ. കർത്താവും, മാതാപിതാക്കന്മാരും പെരുന്നാളുകളിൽ സംബന്ധിച്ചതും, പെരുനാളുകൾ വികലമാക്കിയപ്പോൾ യേശു പ്രതികരിച്ച് പലരുടെയും അപ്രീതി നേടിയതും വേദപുസ്തകം നൽകുന്ന സന്ദേശമാണ്. ദേവാലയങ്ങളുടെയും, പെരുനാളുകളുടെയും ശുദ്ധീകരണം അന്നും, ഇന്നും, എന്നും കർത്താവ് ആഗ്രഹിക്കുന്നു എന്നത് ഇവിടെ വ്യക്തമാണ്.

ഈ കാലഘട്ടത്തിലെ ചില നവീകരണ ചിന്തകരും, സുവിശേഷകരും, അംഗങ്ങളും, അവരുടെ മുൻഗാമികളും അതതു കാലഘട്ടത്തിൽ ഈ സഭയുടെ അംഗങ്ങളായി പെരുന്നാളുകളെയും, ദേവാലയ സന്ദേശങ്ങളെയും വികലമാക്കിയത് സഭയെ സ്നേഹിക്കുന്നവർക്ക് മറക്കുവാൻ കഴിയുകയില്ല. കാൽവറി ക്രൂശിലെ രക്ഷപ്പെട്ട കള്ളനും മാനസാന്തരപ്പെട്ട മുടിയനായ പുത്രനും ചിലരുടെ ആത്മീയ പിതാക്കന്മാർ ആയി തീർന്നു. യേശു അവർക്ക് അന്യനും, അവസരം പോലെ സ്വീകാര്യനും ആയി തീരുമ്പോൾ പാരമ്പര്യത്തിലെ മാലിന്യങ്ങളും ചേർത്ത് പള്ളി പെരുന്നാളുകൾ ചില ർക്ക് വിമർശന വിഷയമായി തീരുന്നു. ഈ വെല്ലുവിളി നേരിടുക എന്നത് കാലഘട്ടത്തിന്റെ ആവശ്യവുമാണ്.

പഴയനിയമ, പുതിയനിയമ സന്ദേശങ്ങൾ ഒത്തുചേരുന്ന ആചാരമായ പെരുനാളിന് നിയമങ്ങളും, നിബന്ധനകളും, വേദപുസ്തകം നൽകുന്നു (Eg - Ezek. 44.4-5). കാലാകാലങ്ങളിൽ വിശ്വാസികൾ തദ്ദേശീയ സംസ്കാരങ്ങളും, രീതികളും അനുകരിച്ച് ഈ കാലഘട്ടത്തിന്റെ പെരുനാൾ പാരമ്പര്യം രൂപപ്പെടുത്തി. ഈ രൂപപ്പെടലിൽ കളകളും വിളകളും ഒരുമിച്ച് വളർന്നു. കളകൾ വിളകളെ ഞെരുക്കുന്ന അവസ്ഥയും അങ്ങനെ സംജാതമായി. ഇനിയും ഇതിന് പരിഹാരം വിളവെടുപ്പ് യജമാനന്റെ വേർതിരിക്കൽ പ്രക്രിയയുമാണ്.

നൂറ്റാണ്ടിന്റെ ചരിത്രമുള്ള കുഴിമറ്റം പള്ളി അതിന്റെ പ്രഭ ചൊരിഞ്ഞ് ഇന്നും ശോഭിക്കുന്നു. ഋതുക്കൾ മാറി മാറി വന്നീടും കാറ്റും കോളും ആഞ്ഞടിച്ചീടും മങ്ങലേൽക്കാത്ത ഈ ഭവനം വീണ്ടും പെരുനാൾ ആചരിക്കുന്നു. ഭാവിയുടെ നന്മക്ക് ഈ പെരുനാൾ ഇടയായി തീരട്ടെ. മദ്യത്തിന്റെയും, അനാരോഗ്യകരമായ ആശയങ്ങളുടെയും, നീരാളിപ്പിടുത്തത്തിൽ നിന്നും നാം ഇനിയും കരകയറേണ്ടിയിരിക്കുന്നു.

ഈ പെരുനാൾ നമസ്കാരങ്ങളും, പ്രദക്ഷിണത്തിലെ പങ്കാളിത്തവും, സെമിത്തേരിയിലെ അനുസ്മരണവും കുരിശിൻ തൊട്ടികളിലെ മദ്ധ്യസ്ഥപ്രാർത്ഥനകളും മഹാപുരോഹിത ആശീർവാദവും, പെരുനാൾ ദിന ബലിയർപ്പണവും നേർച്ച സമർപ്പണവും, നേർച്ച സ്വീകരണവും ഈ പെരുനാളിന്റെ അനുഗ്രഹത്തിനും, സംതൃപ്തിക്കും ഇടയായി തീരട്ടെ.

ഈ പെരുനാൾ കഴിഞ്ഞു വരുന്ന മൂന്നു നോമ്പ്, വലിയ നോമ്പ് ആചരണം ഉയിർപ്പിന്റെ വലിയ പെരുനാളിലേക്ക് നയിക്കട്ടെ. ഭാഗ്യസ്മരണാർഹനായ പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വീതിയൻ കാതോലിക്കാ ബാവായുടെ പാവനസ്മരണയ്ക്ക് മുമ്പിൽ നമിച്ചു കൊണ്ട് നിർത്തുന്നു. ◆

യാത്രാവിവരണം

തിരുപ്പിറവിയുടെ നാട്ടിൽ, തിരുവചനങ്ങളുടെ നാട്ടിൽ

സിസ്റ്റർ റിബേക്കാ S.I.C. ബഥനി ആശ്രമം കുഴിമറ്റം

(കഴിഞ്ഞ ലക്കം തുടർച്ച.....)

കഴിഞ്ഞ ലക്കത്തിൽ എഴുതിയതു പോലെ തങ്ങളുടെ സംഘം ഒലിവുമല യിലുള്ള ഒരു ഹോട്ടലിൽ മൂന്നു ദിവസം താമസിച്ചുകൊണ്ട് ചുറ്റുമുള്ള പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുവാൻ തീരുമാനിച്ചു.

ഒലിവുമല

യറുശലേമിനു കിഴക്കായി സ്ഥിതി ചെയ്യുന്നു. മുഖാമുഖം നിൽക്കുന്ന രണ്ടും മലകൾ. കേവലം ഒരു ശാബതു ദിവസത്തെ ദൂരം മാത്രം! അതായത് ഏകദേശം 1000 യാർഡ്സ്. യറുശലേമിനേക്കാൾ 300 അടി ഉയരക്കൂടുതൽ ഉള്ളതിനാൽ ഇവിടെ നിന്നാൽ പടിഞ്ഞാറ് പഴയയറുശലേം നഗരവും കിഴക്ക് മോവാബ്യദേശവും, ചാവുകടലും അതുവരെയുള്ള യഹൂദ്യപ്രദേശങ്ങളും കാണാൻ കഴിയും. യഹൂദരും ക്രിസ്ത്യാനികളും ഭക്തിയോടെ ആദരിക്കുന്ന അനേകം വിശുദ്ധ സ്ഥലങ്ങൾ ഈ മലയിലുണ്ട്. ജലപ്രളയകാലത്ത് നോഹയുടെ പെട്ടകത്തിലേക്ക് പ്രാവ് ഒലിവ് ഇല കൊത്തിപ്പിടിച്ചു കൊണ്ടു വന്നത് ഈ മലയിൽ നിന്നാണ് എന്നു കരുതുന്നു. ഹഗായി, സെഖര്യാദ്, മലാഖി എന്നീ ശ്രേഷ്ഠം പ്രവാചകന്മാരെ ഇവിടെയാണ് അടക്കപ്പെട്ടിട്ടുള്ളത്. ക്രിസ്തുവിന്റെ അവസാന നാളുകളിൽ ധ്യാനത്തിനും പ്രാർത്ഥനയ്ക്കും ആശ്വാസത്തിനുമായി ഇതിന്റെ ചെരുവിലുള്ള ഗത്സമൻ തോട്ടത്തിൽ കൂടെക്കൂടെ വരുവാൻ സമയം കണ്ടെത്തിയിരുന്നു (St. Mark. 14:26). ഗത്സമേൻ തോട്ടത്തിൽ പ്രാർത്ഥിക്കുന്ന കർത്താവിന്റെ ഫോട്ടോ മിക്ക ക്രിസ്തീയ ഭവനങ്ങളിലെ പ്രധാന മുറിയിൽ കാണാതിരിക്കില്ല. ഈ മലയുടെ ഉയർന്ന ഭാഗത്തു നിന്നാണ് മരണത്തെ ജയിച്ച കർത്താവു സ്വർഗ്ഗാരോഹണം ചെയ്തത്. അതുകൊണ്ട് ദുഃഖത്തിന്റെയും വ്യാകുലതയുടെയും മല എന്നു മാത്രമല്ല, സന്തോഷത്തിന്റെയും പ്രത്യാശയുടെയും മലയാണ് ഒലിവുമല. കർത്താവിന്റെ രണ്ടാമത്തെ വരവിൽ അന്ത്യന്യായവിധി നടത്തുന്ന സ്ഥലവും ഇവിടെയാണ് എന്ന് (യോവേൽ 3:12) പ്രവചനങ്ങളിൽ കാണാം. അതുകൊണ്ട് ദൈവസന്നിധിയിൽ ആദ്യം ഉയിർത്തെഴുന്നേറ്റ് നിൽക്കുവാൻ എന്ന വിശ്വാസത്തിൽ അനേക ശവകുടീരങ്ങൾ അബ്ശലോം, വി. യാക്കോബ്, സഖര്യാവ് എന്നിവരുൾപ്പെടെ ഇതിന്റെ താഴ്വരയിൽ - കിദ്രോൻ താഴ്വരയിൽ കാണുന്നു. ഒലിവുമലയിൽ നിന്നാണ് ഹോശാന ഞായറിൽ ക്രിസ്തു, യറുശലേം ദേവാലയത്തിലേക്ക് കഴുത കുട്ടിമേൽ ജൈത്രയാത്രയാകുന്നത്. കർത്താവ് സഞ്ചരിച്ച അതേ പാതയിലൂടെ "ഹോശാനാ" പാടിക്കൊണ്ടാണ് ഞങ്ങളും നടന്നത്. 2000 വർഷം മുമ്പത്തെ കർത്താവിന്റെ യാത്രയെ സ്മരിച്ചുകൊണ്ട് പട്ടണത്തെ നോക്കി കർത്താവു കരഞ്ഞു എന്നു പറയുന്ന സ്ഥലത്തു നിന്നു നോക്കിയാൽ യെറുശലേം നഗരം മുഴുവൻ കാണാൻ കഴിയും (ലൂക്ക് 19:29-44). കണ്ണു നീരിന്റെ ആകൃതിയിൽ ആ സ്ഥലത്ത് ഇന്നൊരു ദേവാലയം പണിതിട്ടുണ്ട്. DOMINUS FLEVIT - ëThe Lors Weptí എന്നാണ് അതിന്റെ പേര്. പരിശുദ്ധ മാതാവിന്റെ കബറിടവും മഗ്ദലന മറിയത്തിന്റെ പേരിലുള്ള റഷ്യൻ ദേവാലയവും ഈ മലയിലാണ് സ്ഥിതി ചെയ്യുന്നത്. ഗത്സമേൻ തോട്ടത്തിലെ കർത്താവിന്റെ ആകുലതയുടേയും പാർത്ഥനയുടേയും സ്ഥലത്ത് ഇന്നു കാണുന്ന ദേവാലയം 16 രാഷ്ട്രങ്ങളുടെ സംഭാവനയാൽ നിർമ്മിച്ചതാണ്. അതുകൊണ്ട് ഈ ദേവാലയത്തെ ചർച്ച് ഓഫ് ആൾനേഷൻ എന്നു വിളിക്കപ്പെടുന്നു. കർത്താവ് പ്രാർത്ഥിച്ചതായ ആ പാറയുടെ ഒരംശം ഇന്നും ഈ ദേവാലയത്തിന്റെ പ്രധാന അൾത്താരയുടെ മുമ്പിൽ സൂക്ഷിച്ചിട്ടുണ്ട്.

ഗത്സമൻ തോട്ടം

വിശുദ്ധനാട്ടിലെ ഏറ്റവും ഹൃദയസ്പൃക്കായ ഒരു സ്ഥലമാണ് ഈ തോട്ടം. കർത്താവിന് ഏറ്റവും പ്രിയപ്പെട്ട ഈ തോട്ടത്തിലാണ് തന്റെ ഇഹലോക വാസത്തിലെ അവസാനരാത്രി, ആകുലതകളാലും പ്രാർത്ഥനയാലും കഴിച്ചു കൂട്ടിയത് (MK. 14:32-50). അതിവേദനയിൽ മാനുഷികമായി 'ഈ പാനപാത്രം നീങ്ങിപ്പോകണമേ' എന്നു പ്രാർത്ഥിച്ചതും - എങ്കിലും നിന്റെ ഇഷ്ടം നടക്കട്ടെ എന്നു പിതാവിനോടു സ്വയം സമർപ്പിച്ചു പ്രാർത്ഥിച്ചതും ഈ തോട്ടത്തിൽ വച്ചായിരുന്നു.

2000 വർഷങ്ങൾക്കു മുമ്പ് കാണപ്പെട്ടതുപോലെ ഇന്നും ഈ തോട്ടം പരിപാവനമായി സൂക്ഷിക്കുന്നു. അന്നുണ്ടായിരുന്ന 8 ഒലിവു വൃക്ഷങ്ങൾ കർത്താവിന്റെ മാനസികപീഡയുടേയും സ്വശിഷ്യന്റെ വഞ്ചനയുടേയും കഥകൾ മൂകഭാഷയിൽ നമ്മെ ഓർമ്മിപ്പിക്കുന്നതു പോലെ നമുക്ക് അനുഭവപ്പെടും. ചില സസ്യശാസ്ത്ര ജ്ഞന്മാർ വിലയിരുത്തുന്നത്, ഈ വൃക്ഷങ്ങൾക്ക് ഏകദേശം 2500-3000 വർഷം പ്രായം കാണും എന്നാണ്.

(തുടരും)

ഇടവകയുടെ സ്വന്തം....

പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവ തിരുമേനിക്ക് ഏറ്റവും പ്രിയപ്പെട്ട ഇടവകകളിൽ ഒന്നായിരുന്നു കുഴിമറ്റം സെന്റ് ജോർജ്ജ്. കൊല്ലം ഭദ്രാസനാധിപൻ, നിയുക്ത കാതോലിക്ക തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിരുന്ന കാല ഘട്ടങ്ങളിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കുഴിമറ്റം ഇടവക സന്ദർശിച്ചു. മേൽ പ്പട്ട സന്ദർശനത്തിന്റെ ഈ രേഖകൾ പള്ളിയുടെ സന്ദർശന ഡയറിയിലും പള്ളി പാരീഷ്ഹാൾ ഫലകത്തിലും ഇന്നും തെളിഞ്ഞു കാണാം.

1991 ൽ കാതോലിക്ക വാഴ്വിന് പിറ്റേന്ന് കുഴിമറ്റം ഇടവക പരിശുദ്ധ കാതോലിക്കാ ബാവക്ക് മന്ദിരം കവലയിൽ സ്വീകരണം നൽകി. 1992-ൽ സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനത്തിനാണ് കാതോലിക്കായായശേഷം പരിശുദ്ധ ബാവാ തിരുമേനി ആദ്യമായി ഇടവ കയിൽ എത്തുന്നത്.

2001-ൽ ഇടവകയുടെ ശതാബ്ദി സമാപന ഉത്ഘാടനം, പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപനം എന്നിവക്കായി പ. ബാവാ തിരുമേനി വീണ്ടും ഇടവകയിൽ എത്തി. ഈ രണ്ട് അവസരങ്ങളിലും പരിശുദ്ധ ബാവ തിരുമേനിയുടെ സ്ലീബാ ഇടവകയിൽ മറന്ന് വെച്ച് പോയത് കൗതുകത്തോടെ ഇന്നും ഇടവ കാംഗങ്ങൾ ഓർമ്മിക്കുന്നു.

ഇടവകയുടെ ഔദ്യോഗിക പരിപാടികൾ കൂടാതെ ഒരു വിവാഹശുശ്രൂഷ ആശീർവദി ക്കുവാനും രണ്ട് ശവസംസ്കാര ശുശ്രൂഷകൾ നടത്തുവാനും പരിശുദ്ധ ബാവ തിരുമേനി ഇട വകയിൽ എഴുന്നള്ളിയിട്ടുണ്ട്.

പ. പിതാവിന് അശ്രുപൂജ

പ. പരുമല തിരുമേനി യുടെ തിരുശേഷിപ്പ് പ. ബാവാ പള്ളിയിൽ സ്ഥാപിക്കുന്നു

സെന്റ് ജോർജ് സണ്ടേസ്കൂൾ പ്ളാറ്റിനം ജൂബിലി സമാപന സമ്മേളനം പ. ബാവാ ഉദ്ഘാടനം ചെയ്യുന്നു.

ശതാബ്ദി ആഘോഷ സമാപന സമ്മേ ളനം പ. ബാവാ ഉദ്ഘാടനം ചെയ്യുന്നു.

സ്നേഹം വിളമ്പി യുവജനങ്ങളോടൊപ്പം...

കുഴിമറ്റം സെന്റ് ജോർജ്ജ് ഇടവക യിലെ യുവജനപ്രസ്ഥാനം പ്രവർത്ത കർക്ക് പരിശുദ്ധ ബാവാ തിരുമേനി യുടെ സ്നേഹവും വാത്സല്യവും അടു ത്ത് അനുഭവിച്ചറിയുവാൻ സാധിച്ചി ട്ടുണ്ട്. 1996 ജൂലൈ 29 ഞായ റാഴ്ച ഫാ. ഫിലിപ്പ് സി. ഏബ്രഹാമിന്റെ നേതൃത്വ ത്തി യുവജനപ്രസ്ഥാനം പരിശുദ്ധ ബാവ തിരുമേനിയെ ഇടവകയിൽ സ്വീകരിച്ചു. എല്ലാ വർഷവും ജനുവരി 29 ന് തന്നെ ജന്മദിനാശംസകൾ നേരു വാൻ "ബ്ലസ്സഡ് ബർത്ത്ഡേ റ്റു അവർ ഹോളി ഫാദർ" എന്ന് ചോക്ളേ റ്റിൽ എഴുതിച്ചേർത്ത കേക്കുമായി, അനു മോദന പുഷ്പങ്ങളുമായി മുടങ്ങാതെ യുവജനപ്രസ്ഥാനം പ്രവർത്തകർ പോകുമായിരുന്നു. മേന്മയേറിയ മറ്റൊരു വലിയ കേക്ക് മുറിച്ച് "ഇത് മുഴുവനും നിങ്ങ ൾക്കുള്ളതാണ്" എന്നു പറഞ്ഞ് മധുരം വിളമ്പുന്ന ബാവ തിരുമേനിയെ ഇന്നും പ്രസ്ഥാനം പ്രവർത്തകർ ഓർക്കുന്നു.

2001 ഫെബ്രുവരിയിൽ പ. കാതോ ലിക്കാ ബാവ തിരുമനസ് കൊണ്ട് പ്രസ്ഥാ നത്തിന്റെ മുഖപത്രമായ 'ജോർജിയൻ' പ്രകാശനം ചെയ്തു. ജോർജിയൻ ഇടവക യുടെ തന്നെ മുഖപത്രമാകണമെന്ന് പറഞ്ഞ ബാവ തിരുമേനി, ജോർജിയൻ പ്രസിദ്ധീകരിച്ച യുവജനപ്രസ്ഥാനത്തെ അനുമോ ദിച്ച് ഇടവകയിൽ പ്രസംഗിച്ചു. സ്ഥാനത്യാഗം ചെയ്തശേഷം രോഗാവ സ്ഥയിലായിരുന്ന ബാവാ തിരുമേനിയെ സന്ദർശിക്കുവാനും യുവജനപ്രസ്ഥാനം പ്രവർത്തകർക്ക് അവസരം ലഭിച്ചു.

പ. ബാവാ ജോർജിയൻ 2001 ഫെബ്രുവരി ലക്കം പ്രകാശനം ചെയ്യുന്നു

അന്ത്യനാളുകളിൽ യുവജനപ്രസ്ഥാനം പ്രവർത്തകർ ബാവായോടൊപ്പം

ജന്മദിന ആശംസകളുമായി യുവജനപ്രസ്ഥാനം പ്രവർത്തകർ ബാവായോടൊപ്പം

Best wishes from,

ADHYAPAKA CO-OPERATIVE BANK LTD

HO PUTHUPPALLY, KOTTAYAM-686011 (PHONE: 2352014, 2351792)

PUTHUPPALLY
PH: 2352427
VAKATHANAM
PH: 2462353
VARUGHESE K. P.
(SECRETARY)

KALATHIPADY
PH: 2573521
THOTTACKADU
PH: 2468548

PAMPADY
PH: 2505343
MANARCADU
PH: 2372227

PUTHUPPALLY (M&E)
PH: 2351720
MEENADOM
PH: 2555343
RAJU KUZHIVELIL
(PRESIDENT)

നിന്റെ ചങ്ങാതിയെ ഇല്ലാതാക്കിയതാര്?

ലോയിസ് അന്നാ റോബി കാരാണിക്കുളം

ഇന്നു ഞാൻ വീട്ടിൽ തനിച്ചായി രുന്നു. ചിന്തിക്കുവാനുള്ള വിലപ്പെട്ട നിമിഷങ്ങൾ, എങ്കിലും എല്ലായിടത്തും ഏകാന്തതയുടെ തിരകൾ അലയടി ക്കുന്നു. ക്ലോക്കും, വാച്ചും ടിക്ക്-ടിക്ക്... എന്നടിക്കുന്നതും ചീവീടുകൾ കരയുന്നതും വ്യക്തമായി കേൾക്കാം. എനിക്കെന്തു കൊണ്ടാണ് ഒരൊറ്റപ്പെടൽ തോന്നുന്നത്? എന്റെ ആത്മാവിനെന്തോ നഷ്ട മായിരിക്കുന്നു. എന്താണത്? അതെ, അതുതന്നെ എന്റെ ഉറ്റചങ്ങാതി എന്നിൽ നിന്നകന്നു പോയിരി ക്കുന്നു. ചങ്ങാതി മറ്റാരുമല്ല - യേശുക്രി സ്തു തന്നെ.

എനിക്കറിവായ പ്രായം മുതൽക്കേ മന സ്സിൽ കുടിയേറിയ ഒരു ചിന്തയോ, മറ്റുള്ളവ രിൽ നിന്നും ലഭിച്ച ഉപദേശങ്ങളോ പഠിപ്പി ക്കലുകളോ ഒന്നുമല്ല യേശുവിനെ എന്റെ ഉറ്റ സുഹൃത്താക്കിയത്. ഞാൻ ഏകയായ് തീരുമ്പോൾ എന്റെ അരികിൽ വന്ന് കുശ ലാന്വേഷ ണങ്ങൾ നടത്തിയിരുന്നു അവൻ. ക്രമേണ എന്റെ ചിന്ത യും, പ്രവൃത്തിയും, മനോഭാവവും, വാക്കും, നോട്ടവും, പ്രശ്ന ങ്ങളും, വേദനകളും എല്ലാം അവനോടു പറ യുകയും അവൻ അറിയുകയും ചെയ്തു വന്നു. എന്റെ മനസ്സിൽ എപ്പോഴും ഈശോ വസിച്ചുപോന്നു - എന്നൊടെപ്പോഴും സംസാരിച്ചു കൊണ്ട്, എന്റെ വ്യക്തി ത്വത്തെ വളർത്തിക്കൊണ്ട്, പ്രയാസഘട്ടങ്ങ ളിൽ എന്നെ താങ്ങി നന്മ ചെയ്യുവാനും പറ യുവാനും എനിക്ക് ഉത്തേജനം നൽകി ക്കൊണ്ട്, എല്ലാ നാഴികയിലും അവൻ എന്റെ ഉള്ളിൽ പാർത്തു. ഞാൻ എന്റെ ജീവിതപ്രശ്ന ങ്ങളെക്കുറിച്ചും, സംശയങ്ങ ളെക്കുറിച്ചും അവനോടു ചോദിച്ചു, ഉചി തമായ മറുപടി എനിക്കു ലഭിച്ചു. ഞാൻ കരഞ്ഞപ്പോൾ എന്നെ ആശ്വസിപ്പിച്ചു. ബൗദ്ധിക പരമായി സകല ജീവജാലങ്ങളു ടെയും നന്മ ലക്ഷ്യമാക്കി ആധുനിക ശാസ് ത്രത്തിൽ പ്രയോഗിക്കാവുന്ന പല ആശയ ങ്ങളും എനിക്കു പറഞ്ഞു തന്നു. എന്നെ ഒരിക്കലും അവൻ ഒറ്റപ്പെടുത്തിയിട്ടില്ല.

എന്നാൽ ഇന്ന് എന്താണെനിക്ക് സംഭ വിച്ചിരിക്കുന്നത്? അവനെക്കുറി ച്ചോർക്കു മ്പോൾ കേവലം ഒരു ചിത്രമോ, ശിലയിൽ തീർത്ത രൂപമോ മാത്രമാണ് മനസ്സിൽ കടന്നുവരുന്നത്. അവൻ ഇന്നെന്നോടു സംസാരിക്കുന്നില്ല. എന്റെ മനസ്സ് പല പ്പോഴും ഒറ്റപ്പെടുമ്പോൾ ഞാൻ അവനെ വിളിക്കാറുണ്ട്. എങ്കിലും അവനെന്നെ അറിയുകയില്ല എന്നു തോന്നും. യേശു തന്റെ അനുഗ്രഹം ധാരാളമായി എന്റെ ജീവിത ത്തിൽ വർഷിക്കുന്നുണ്ട്; എങ്കിലും ആ അടുപ്പം ഇന്നെനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

എന്റെ ചിന്ത മുഴുവൻ ലോകത്തെ ക്കുറിച്ചറിയുവാനും ശാസ്ത്രരീതികളെ ഭേദപ്പെടുത്തുവാനുമുള്ള ശ്രമം ആരംഭിച്ച പ്പോൾ എനിക്കവനോടു സംസാരിക്കു വാൻ നേരമില്ലാതായി. ഈ കൗമാര പ്രായത്തിൽ അറിവ് വെട്ടിപ്പിടിക്കണം എന്ന ചിന്ത മനസ്സിനെ ഭരിച്ചപ്പോൾ, ഞാൻ അറിയാതെ എന്റെ ഉറ്റ ചങ്ങാത്തം മറയുകയായിരുന്നു. എന്റെ ജീവിതയാത്രയിൽ എന്നും അമൂ ല്യമായിരുന്നു അവനെന്റെ ഒപ്പമുണ്ട് എന്ന് തോന്നിപ്പിക്കുന്ന ഓരോ നിമിഷവും. മനുഷ്യനെയും തിര്യക്കിനെയും വേർതിരിച്ച റിവാൻ തുടങ്ങിയപ്പോഴാണോ എന്റെ ഈ സുഹൃത്ത് ബന്ധം നഷ്ടപ്പെട്ടത്? വിശുദ്ധ ഗ്രന്ഥത്തിലൂടെ യേശുവിനെ അറിയണം എന്നാവുമോ അവൻ പറയുന്നത്?

വയലാറിന്റെ 'മനുഷ്യൻ മതങ്ങളെ സൃ ഷ്ടിച്ചു..." എന്നെ ഗീതത്തിന്റെ വരികളും, ഡാർവിന്റെ പരിണാമ സിദ്ധാന്തവും, എനി ക്കിന്നു ലഭിക്കുന്ന ലൗകിക സുഖ സൗകര്യ ങ്ങളെല്ലാം എന്റെ മനസ്സിനെ അവനിൽ നിന്നും അകറ്റുവാൻ പ്രേരകമാ യിട്ടില്ലേ? അതോ ഇന്നത്തെ എന്റെ ഊഹാ പോഹങ്ങ ളാണോ അതിനു കാരണം?

ഇനിയും ആ പഴയ കൂട്ടുകാരനെ തിരി ച്ചുകിട്ടുമോ എന്ന് എനിക്കറിയില്ല. വീണ്ടും കഴിഞ്ഞുപോയ ആ സൗഹൃദദിന ങ്ങൾ തിരികെ വരുവാൻ ഞാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്നു....

❑

പ. വട്ടശ്ശേരിൽ തിരുമേനിയുടെ 72 -ാം ഓർമ്മപ്പെരുന്നാൾ ഫെബ്രുവരി 23 ന് പഴയസെമിനാരിയിൽ

കവിത

ഏഴിന്റെ അഴക്

ആറ്റിലെ നീറ്റിൽ കുളിച്ചുവന്നാൽ
ആർക്കുമഴകേറും ആനന്ദവും
ആറും കടന്നു വരുന്നതുമൂലമാ-
ണേഴിന്നഴകെന്നു തോന്നിടുന്നു.

ഏഴിന്റെ കാര്യമങ്ങെത്രയോ വട്ടമീ-
വേദത്തിന്നേടുകൾ തന്നിലുണ്ട്.
ഏഴയാംഞാനതിലേഴെണ്ണം മാത്രം
എഴുതിടാമെന്നങ്ങു ചിന്തിക്കുന്നു.

(1) സൃഷ്ടികളൊക്കെ തികച്ചു ദൈവം
സ്വസ്ഥമായിരുന്നതങ്ങേഴാം ദിവസം
ഏഴാം ദിനത്തെ താൻ ശുദ്ധീകരിച്ചു
അനുഗ്രഹിച്ചെന്നും ഉല്പത്തിരണ്ടിലുണ്ട്.

(2) ആരും വെറുക്കുന്ന രോഗമാംകുഷ്ഠം
അരാംരാജാവിന്റെ സേനാധിപനാകും
നയമാനിൽ നിന്നങ്ങു നിർമ്മൂലമായതും
യോർദാനിൽ ഏഴങ്ങുമുങ്ങിയപ്പോൾ.

(3) മറിയ തൻ മേനിയിൽ നിന്നാദ്ഭുതങ്ങൾ
വിട്ടങ്ങുമാറിയതേഴെണ്ണമല്ലോ
മാന്യയായ് ജീവിച്ചു പിന്നീടവൾ
ദൈവനാമം മഹത്വപ്പെടുത്തി.

(4) ഏഴപ്പം വാഴ്ത്തിനുറുക്കി കൊടുത്തീശൻ
നാലായിരം പേർ തിന്നു തൃപ്തരായി
ശേഷിച്ച അപ്പങ്ങൾ ശേഖരിച്ചു
വട്ടികൾ ഏഴുനിറച്ചെടുത്തു.

(5) അഞ്ചപ്പത്തിനു കൂട്ടുവാനായ്
രണ്ടുമീനാണ് ബാലകൻ കൊണ്ടങ്ങുവന്നത്
അഞ്ചിന്റെ കൂടങ്ങു രണ്ടു ചേർത്താൽ
അവിടെയും കിട്ടുന്നതേഴു തന്നെ.

(6) അവസാനമായിട്ടങ്ങരുമനാഥൻ
ആണിയിൽത്തൂങ്ങി കിടന്നു കൊണ്ട്
അരുളിയമൊഴികളും ഏഴാണെ-
ന്നറിയാത്ത ക്രിസ്ത്യാനി ആരേലുമുണ്ടോ?

(7) വിശ്വാസ ജീവിത പടവുകൾ താണ്ടി
വിശ്രമനാട്ടിലങ്ങെത്തിടുവാൻ
വിശ്വാസിയായൊരു ക്രിസ്ത്യാനിക്ക്
വേണ്ടുന്ന കൂദാശ ഏഴെണ്ണമല്ലേ?

അന്നമ്മ കുറിയാക്കോസ് ചിറപ്പുറത്ത്



നവദമ്പതികൾക്ക് ആശംസകൾ

ജിജു പി. ജോർജും (പാലമൂട്ടിൽ) നിഷയും

അഞ്ജു മാത്യുവും (എണ്ണശ്ശേരിൽ എരുമത്താനം) റോബിനും



റോബിൻ ആൻഡ്രൂസും (വാഴച്ചിറ) മിനിയും

അശ്വനി ബാബുവും (പട്ടശ്ശേരിൽ) റ്റീനയും

അഞ്ജു തമ്പിയും (ആഞ്ഞിലിമൂട്ടിൽ) ബിനോയിയും

Printed and Published by Fr. Jai Zachariah, President St. George Youth Movement, Kuzhimattom. Editor: Renju K. Mathew Karot puthenpurackal, Kuzhimattom P. O., Kottayam
Printed at Sophia Print House, Surya Guest Line, Kottayam, Ph: 2303237, 99471 20697